# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 523

06.02.2013 ൽ മറുപടിയ്ക്ക്

## കാർഷിക വായ്പ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. പി. വിൻസെന്റ് | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ബാങ്കുകൾ മുഖാന്തിരം ഭക്ഷ്യ ഉല്പന്ന കൃഷിയ്ക്ക് കൂടുതൽ സബ്സിഡിയോടെ വായ്പ അനുവദിക്കുമോ; | (എ) | 2010-2011 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>കൂടാതെ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ രഹിതമായി കാർഷിക വായ്പ നൽകുന്നതിന് 2012-2013 വർഷത്തിൽ 31 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൽ 3 കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്ന് ലഭിക്കുന്ന 3% സബ്വെൻഷൻ കഴിച്ച് ബാക്കി 4% തുക പലിശ സബ്സിഡിയായി നൽകുന്നത് വഴി, ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനാണ് ടി പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | നിലവിൽ സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ? | (ബി) | ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകൃഷിയ്ക്കും, പച്ചക്കറിയ്ക്കും ഉൾപ്പെടെയുള്ള കാർഷികവിള വായ്പകൾ വിതരണം ചെയ്തു വരുന്നത്. ഓരോ വർഷവും ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ കൂടി ജില്ലയിലെ കാർഷിക വായ്പാവിതരണത്തിനുള്ള |

സ്കെയിൽ ഓഫ് ഫിനാൻസ് കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. നബാർഡ് റീഫൈനാൻസ് ലഭ്യമാകുന്ന ഒരു വർഷകാലാവധിയുള്ള ഹ്രസ്വകാല കാർഷിക വിളവായ്പകളുടെ പരിധി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ നെൽകൃഷിയ്ക്ക് പരിധിയില്ലാതെ പലിശരഹിത വായ്പയും നൽകി വരുന്നു. അപേക്ഷകന് കാർഷികാവശ്യത്തിനാണ് വായ്പയെന്നും, ടിയാന് കൃഷി ചെയ്യുന്നതിനുള്ള ഭൂമി കൈവശത്തിലുണ്ടെന്നും ബോധ്യപ്പെട്ട് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിളയ്ക്ക് അനുവദനീയമായ തുകയാണ് നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ